"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഹസ്ന.പി., ജൂനിയർ കൺസൾട്ടന്റ് (O&G) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1043/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 21.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2687/2023/H&FWD    തീയതി,തിരുവനന്തപുരം, 16-10-2023

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം.
2. ഡോ.ഹസ്ന.പി., ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ (Annexure A7)
3. OA No.1043/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 21.062023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കാത്തതിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ഹസ്ന.പി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA No.1043/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) അപ്പീലിലെ വിഷയം ചുവടെ ചേർക്കുന്നു:

31.05.2023-ൽ പുറപ്പെടുവിച്ച അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകി. എന്നാൽ പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പെരിന്തൽമണ്ണയിലേയ്ക്കുള്ള സ്ഥലംമാറ്റം ഒഴിവാക്കപ്പെട്ടു. പെരിന്തൽമണ്ണ ജില്ലാ ആശുപത്രി, മങ്കട സാമൂഹികാരോഗ്യ കേന്ദ്രം, മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി, മഞ്ചേരി ജനറൽ ആശുപത്രി, കുറ്റിപ്പുറം താലൂക്ക് ആശുപത്രി, വണ്ടൂർ താലൂക്ക് ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ ഒന്നിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണം.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. മങ്കട സാമൂഹികാരോഗ്യ കേന്ദ്രം, മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രി, വണ്ടൂർ താലൂക്ക് ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം സ്ഥലംമാറ്റപ്പെടാവുന്ന ആരും തന്നെ ഉണ്ടായിരുന്നില്ല. പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ 04.12.2019 മുതൽ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. റസീന.പി.എസ്.-നെയാണ് നിയമിച്ചിട്ടുള്ളത്. മഞ്ചേരി ജനറൽ ആശുപത്രിയിൽ 07/04/2018 മുതൽ താമരശ്ശേരി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന മിശ്രവിവാഹിത ആയ ഡോ. റോഹൻസ് ജോയ്-യെയും 25/07/2018 മുതൽ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന SC /ST വിഭാഗത്തിൽപെട്ടതും മിശ്രവിവാഹിതയുമായ ഡോ.സുജിത മാധവനെയുമാണ് നിയമിച്ചത്. കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ 02.12.2016 മുതൽ ജില്ലാ ആശുപത്രി, പെരിന്തൽമണ്ണയിൽ ജോലി ചെയ്യുന്ന ഡോ. സിനി.എ.ടി., 01.06.2016 മുതൽ ജില്ലാ ആശുപത്രി, നിലമ്പൂരിൽ ജോലി

ചെയ്യുന്ന ഡോ.ബുഷ്റ.എ. എന്നിവരെ നിയമിച്ചു. ആയതിനാൽ അപേക്ഷകയെ ക്യു ലിസ്റ്റിൽ ഉൾപെടുത്തി ടിയാളുടെ ഓപ്ഷനുകളിലേയ്ക്ക് തുടർന്നുണ്ടാകുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനം കൈക്കൊണ്ടു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ഹസ്ന.പി.-യെ ടിയാളുടെ ഓപ്ഷനുകളിൽ തുടർന്നുണ്ടാകുന്ന ഒഴിവിലേയ്ക്ക് പരിഗണിക്കേണ്ടതാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.1043/2023-ന്മേലുള്ള 21.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.
Dr.Hasna.P., Junior Consutant (O&G), PRRA, Chethana Road, Perinthalmanna.P.O, Malappuram - 679 322.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 16-10-2023 13:13:12
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ. എ1- 5160/2023/ആ.വ.ഡ, തീയതി 16.10.2023 സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.